(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. എ. വേലായുധൻ):

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയതിൽ ആരോപണം ശരിയല്ലെന്നു കണ്ടു.

മദ്യനിരോധന നിയമലംഘനം.

* 640. [27] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള താലൂക്കുകളിൽ 1954-ാംവർഷത്തിൽ മദ്യനിരോധനനിയമം ലംഘിച്ചതിനു എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) അവയിൽ എത്ര ശിക്ഷിക്കപ്പെട്ടിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) 2387 കേസുകൾ.

(ബി) 1602 കേസുകൾ.

ആധാരമെഴുത്തു ലൈസൻസ്.

* 641. [28] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം ആധാരമെഴുത്തുകാർക്കു ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ലൈസൻസ്സില്ലാത്ത എഴുത്തുകാർ എഴുതികൊണ്ടുവരുന്ന ആധാരങ്ങൾ രജിസ്റ്റർ കച്ചേരികളിൽ സ്വീകരിക്കാറുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) സംയോജനത്തിനുശേഷം ആധാരമെഴുത്തുകാർക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കൊച്ചിവിഭാഗത്തു് ആധാരം എഴുതുന്നതിനു് ലൈസൻസ് വേണമെന്നില്ല. എന്നാൽ തിരുവിതാംകൂർ വിഭാഗത്തിൽ സംയോജനത്തിനു മുമ്പുതന്നെ ലൈസൻസ് സമ്പ്രദായം നിലവിലിരുന്നതുകൊണ്ട് ആ വ്യവസ്ഥകൾ ഇപ്പോഴും തുടർന്നുവരുന്നു.

(ബി) മേൽ വിവരിച്ച കാരണത്താൽ കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം ഉദിക്കുന്നില്ല. തിരുവിതാംകൂർ വിഭാഗത്തിലുള്ള രജിസ്റ്റർ കച്ചേരികളിൽ ലൈസൻസില്ലാത്ത എഴുത്തുകാർ എഴുതുന്ന ആധാരങ്ങൾ സ്വീകരിക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly